സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ജൂനിയർ സൂപ്രണ്ട്/സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ തസ്തികയിലേക്കുള്ള പ്രൊമോഷൻ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 5600/12/Est-I** നന്തൻകോട്, 02/11/2018

---

പരാമർശം :- 1) WP(C) 19214/2017 -ാം നമ്പർ കേസിൽ ബഹു: ഹൈക്കോടതി 13-07-2018 ൽ പുറപ്പെടുവിച്ച വിധിന്യായം.

2) ദേവസ്വം കമ്മീഷണറുടെ 18-07-2018 ലെ ROC 75/18/Est-A നമ്പർ റിപ്പോർട്ട്.

3) 08-08-2018 ലെ മേൽ നമ്പർ ബോർഡുത്തരവ്.

4) തിരുവാഭരണം കമ്മീഷണറുടെ 29-09-2018 ലെ ROC 168/97/Est നമ്പർ കത്ത്.

5) WP(C) 32083/2018 -ാം നമ്പർ കേസിൽ ബഹു: ഹൈക്കോടതി 11-10-2018 ൽ പുറപ്പെടുവിച്ച വിധിന്യായം.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ ജൂനിയർ സൂപ്രണ്ട്/സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിൽ സീനിയർമോസ്റ്റായ ഹരിപ്പാട് ഗ്രൂപ്പിലെ ഏവൂർ ദേവസ്വം സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ ശ്രീ. ആർ. മുരളീധരകുറുപ്പിനെ പ്രൊമോട്ട് ചെയ്യുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുമതി ലഭ്യമാക്കുന്നതിന് പരാമർശം 3 ഉത്തരവായി.

ടി വിഷയം സംബന്ധിച്ച് ശ്രീ. ആർ. മുരളീധരകുറുപ്പ് ബഹു: ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിരുന്നതും പരാമർശം 1 വിധിന്യായ പ്രകാരം അന്തിമ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് വിധേയമായി ടിയാന് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ പ്രൊവിഷണൽ പ്രൊമോഷൻ നൽകുന്നതിന് നിർദ്ദേശിച്ച് പരാമർശം 5 വിധിന്യായം ലഭിച്ചു.

ടി വിഷയം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തു.

(മറുപുറം)

EDP

ബഹു: ഹൈക്കോടതിയുടെ പരാമർശം 1, 5 വിധിന്യായങ്ങൾ പ്രകാരം അന്തിമ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് വിധേയമായി ജൂനിയർ സൂപ്രണ്ട്/ സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിൽ സീനിയർമോസ്റ്റായ ഹരിപ്പാട് ഗ്രൂപ്പിലെ ഏവൂർ ദേവസ്വം സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ ശ്രീ. ആർ. മുരളീധരകുറുപ്പിനെ പ്രൊവിഷണലായി 40500-1000-42500-1100-48000-1200-54000-1350-59400-1500-65400-1650-72000-1800-81000-2000-85000 രൂപ ശമ്പളസ്കെയിലിൽ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ തസ്തികയിൽ പ്രൊമോട്ട് ചെയ്ത് തിരുവാഭരണം കമ്മീഷണർ ആഫീസിൽ ഒഴിവുള്ള സൂപ്രണ്ട് തസ്തികയിൽ നിയമിച്ച് ബോർഡുത്തരവാകുന്നു.

ടിയാന് ശമ്പളം നിർണ്ണയിച്ച് നൽകുന്നത് മേൽ പരാമർശിച്ച ഹർജികൾ പ്രകാരം അന്തിമ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുമ്പോൾ ക്രമരഹിതമെന്നോ അധികമെന്നോ കാണപ്പെടുന്നപക്ഷം ആയവ തിരികെ പിടുത്തം വരുത്തുന്നതാണ്. അപ്രകാരം 200/- രൂപ പത്രത്തിൽ ദേവസ്വം ബോർഡ് സെക്രട്ടറി കക്ഷിയായി ടിയാൻ ഒരു കരാർ വയ്ക്കേണ്ടതുമാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)

സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. തിരുവാഭരണം കമ്മീഷണർ
3. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്
4. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
5. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
6. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ഹരിപ്പാട് ഗ്രൂപ്പ്
7. ശ്രീ. ആർ. മുരളീധരക്കുറുപ്പ്, സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ, ഏവൂർ ദേവസ്വം, ഹരിപ്പാട് ഗ്രൂപ്പ്
8. ഇ.ഡി.പി. സെക്ഷൻ
9. സെക്ഷൻ ഫയൽ
10. ഫയൽ ബുക്ക്
11. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK